*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 31C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

## സ്വാമിയുമൊത്തുള്ള തമാശയുടെ നിമിഷങ്ങൾ

സ്വാമിയുമൊത്ത് ഞങ്ങൾക്കുണ്ടായ ഫലിതത്തിന്റെ രണ്ടു നിമിഷങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും മുഴുവൻ ദിവസവും തമാശയും ചിരിയുമായിരിക്കും; എന്നാൽ അതിൽ രണ്ടെണ്ണം പരാമർശിക്കാനും നിങ്ങളുമായി പങ്കിടാനും ഞാൻ ആഗ്രഹിക്കുകയാണ്. ഇത് പ്രാതൽ ഫലിതമാണ്, ബ്രെയ്ക്ഫാസ്റ്റ് ഫലിതം. ബ്രെയ്ക്ഫാസ്റ്റ് ഫലിതം കൊണ്ട് എന്താണ് ഞാൻ ഉദ്ദേശിക്കുന്നതെന്നോ? ഞങ്ങൾ പ്രാതൽ കഴിക്കുമ്പോൾ ആസ്വദിക്കുന്ന ഫലിതബോധം.

ഒരിക്കൽ പ്രാതലിന് അവർ ചെറുപയർ കൊണ്ടുണ്ടാക്കിയ ദോശ വിളമ്പാനിടയായി. ചെറുപയർ ദോശ ആന്ധ്രക്കാർക്ക് വളരെ പ്രിയങ്കരമാണ്, ചെറുപയറുകൊണ്ട് ഉണ്ടാക്കുന്ന ദോശ. അതായിരുന്നു അവിടെ പ്രാതലിന് വിളമ്പിയത്, ഞങ്ങളെല്ലാവരും അത് ആസ്വദിച്ച് കഴിക്കുകയായിരുന്നു.



സ്വാമി എന്റെ അടുത്തേക്ക് വന്നിട്ട് തിരക്കി, “അനിൽകുമാർ, നിനക്കിത് ഇഷ്ടമായോ?”

ഞാൻ പറഞ്ഞു, “സ്വാമീ, ഇത് ഇങ്ങനെയല്ല നിശ്ചയമായും. ഇത് പൂർണമായും ശരിയായെന്ന് എനിക്കു തോന്നുന്നില്ല.”

സ്വാമി പറഞ്ഞു, “നിൽക്ക്, നിൽക്ക്.”

ഞങ്ങൾ ഞങ്ങളുടെ പ്രാതൽ കഴിച്ചുകഴിഞ്ഞ്, ഞങ്ങളവിടെ ഒത്തുകൂടി, ആൺകുട്ടികളും ഏതാനും വി.ഐ.പി.കളും അവിടെയുണ്ടായിരുന്നു. സ്വാമി അവിടുത്തെ കസേരയിലിരുന്നുകൊണ്ട് ആരാഞ്ഞു, “മി. അനിൽ, നീ ചെറുപയർ കൊണ്ടുണ്ടാക്കിയ ദോശയെപ്പറ്റി

യാണ് അഭിപ്രായം പറയുന്നത്. എന്നോട് പറയൂ, എന്നോട് പറയൂ, എന്നോട് പറയൂ. നീയെന്താണ് അവിടെവച്ച് പറയാനാഗ്രഹിച്ചത്?''

അപ്പോൾ ഞാൻ പറയാനാരംഭിച്ചു; അത് സ്വാമി വളരെ ആസ്വദിക്കുകയുണ്ടായി. ഞാൻ



പറഞ്ഞു, ''സ്വാമീ, നമുക്ക് ഇന്നു വിളമ്പിയ ചെറുപയർ ദോശ പ്രതീക്ഷയ്ക്കൊത്ത് ശരിയായിരുന്നില്ല, വിചാരിച്ചപോലെ ആയില്ല. എന്തുകൊണ്ടെന്നോ? സ്വാമീ, അത് കാഞ്ചി സാരി പോലെ റോളാവണം; അത് എണ്ണമയമുള്ളതാവണം, അത് ഇരുണ്ട തവിട്ടുനിറത്തിലോ തവിട്ടുനിറത്തിൽ ഇരുണ്ടതോ ആവണം, ഉള്ളിൽ, അതിനുള്ളിലായി സവാളക്കഷ്ണങ്ങൾ, ഇഞ്ചിക്കഷ്ണങ്ങൾ, മുളക് ഇവയും വേണം, സ്വാമീ. എന്നിട്ട്, അത്തരം തിരശ്ചീനമായ ദോശ കാഞ്ചി സാരി പോലെ ഭംഗിയായി റോളാക്കിയിട്ട്, പ്ലേറ്റിനു മുകളിലായി വച്ചിരിക്കുന്ന ഒരു വാഴയിലയിൽ വിളമ്പണം. നല്ല നിരപ്പിന്, നല്ല നീളത്തിലുള്ള അതിന്റെ എണ്ണമയമുള്ള ദൃശ്യവും നിറവും കാരണം ഇത്തിരി അകലെനിന്ന് കാണാൻ അത്രയ്ക്ക് ഭംഗിയാണ്, തീർച്ചയായും ചില സ്ഥലങ്ങളിൽ അവർ പേപ്പർദോശയും ഉണ്ടാക്കും, കുറേക്കൂടി നീളത്തിൽ, ന്യൂസ് പേപ്പർ ചുരുട്ടിയതുപോലിരിക്കും.

സ്വാമി ഇതു കേട്ടപ്പോൾ, ''ആഹാ, ഇനിയെന്താണ്, ഇനിയെന്താണ്, പറയ്. ദോശയ്ക്കകത്ത് എന്തൊക്കെയുണ്ടാവണം?'' സ്വാമി എന്നോട് തിരക്കി. എല്ലാവരും ചിരിക്കാൻ തുടങ്ങി.

''സ്വാമീ, ഇഞ്ചിക്കഷ്ണങ്ങൾ ഉണ്ടാവണം, സവാളക്കഷ്ണങ്ങൾ ഉണ്ടാവണം, മുളക് കഷ്ണങ്ങൾ ഉണ്ടാവണം, പിന്നെ ഈ ചെറുപയർ കൊണ്ടുണ്ടാക്കിയ ദോശ എണ്ണമയമുള്ളതാവണം, ഇരുണ്ടതോ തവിട്ടുനിറത്തിലോ തവിട്ടുനിറത്തിൽ ഇരുണ്ടതോ ആവണം, ഭംഗിയായി ചുരുട്ടണം; എന്നിട്ടുവേണം അത് വിളമ്പാൻ. ഇത്തിരി അകലെനിന്ന് അത് എല്ലാവരെയും ആകർഷിക്കും, സ്വാമീ.''



സ്വാമിയും മറ്റെല്ലാവരും ഈ ഫലിതം ആസ്വദിച്ചു. ഈ പ്രാതൽ ഫലിതം എനിക്ക് മറക്കാനാവില്ല, ചെറുപയർ ദോശയുടെ വിശദാംശങ്ങൾ കേൾക്കാൻ സ്വാമി കാട്ടിയ താത്പര്യം കാരണം.

മറ്റൊരു അവസരത്തിൽ, ആഹാ, അവർ ഞങ്ങൾക്ക് ബൊബ്ബട്ടു വിളമ്പി. ആളുകൾ അതിനെ സ്വീറ്റ് പൂരി അഥവാ പുരൻപോളി എന്നും വിളിക്കും.
സ്വീറ്റ് പൂരി അഥവാ പുരൻപോളിയാണ് വിളമ്പിയത്. സ്വാമി എന്റെയടുത്തുവന്നിട്ട് പറഞ്ഞു, ''അനിൽകുമാർ, നിനക്കിത് ഇഷ്ടമായോ?''




''സ്വാമീ, ഇങ്ങനെയല്ല ഇത്.''

''ആഹാ, വരൂ, വരൂ, തീർക്ക്, നമുക്ക് പിന്നെ സംസാരിക്കാം.''

ഇതിനുശേഷം, ആഹാരമൊക്കെ കഴിഞ്ഞു. ഞങ്ങൾ പോയി അവിടെ ഒരുമിച്ചിരുന്നു, സ്വാമി കസേരയിൽ ഇരിക്കുന്നു, അപ്പോൾ അവിടുന്ന് തിരക്കി, ''അനിൽകുമാർ, നീ ആ ബൊബ്ബട്ടുവിനെക്കുറിച്ച്, പുരൻപോളിയെക്കുറിച്ച്, അഭിപ്രായം പറയുകയായിരുന്നല്ലോ. പറയൂ, പറയൂ, നീയെന്താണ് അതെക്കുറിച്ച് പറയാനാഗ്രഹിച്ചത്?''
അപ്പോൾ ഞാൻ എണീറ്റുനിന്ന് സ്വാമിയോട് പറയാനാരംഭിച്ചു. അവിടുന്ന് ആസ്വദിച്ചു, എന്തുകൊണ്ടെന്നാൽ ഈശ്വരനും തമാശ വേണം. നാം അതറിയണം. നാം എല്ലായ്പോഴും അവിടുന്നിനെ നമ്മുടെ എല്ലാ പ്രശ്നങ്ങളുമായും, നമ്മുടെ എല്ലാ പ്രയാസങ്ങളുമായും, ശല്യപ്പെടുത്തും. എന്നാൽ, നാം അവിടുന്നിനെ സന്തോഷിപ്പിക്കുകയും വേണം. അത് നമ്മുടെ കടമയാണ്. ഒരുപക്ഷേ, ബാബ എന്നെ അവിടുത്തേക്ക് മതിയായ ഉല്ലാസം നൽകുന്നതിനായി രൂപകൽപന ചെയ്തതാവാം. അതു മാത്രമാണ് എന്റെ പണി.

അപ്പോൾ ഞാനീ പുരൻപോളി അഥവാ സ്വീറ്റ് പൂരി അഥവാ ബൊബ്ബട്ടുവിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു, ''സ്വാമീ, ഡൈനിംഗ് ടേബിളിൽ അവർ വിളമ്പിയത് ഒരു കൈവെള്ളയുടെ വലിപ്പമുള്ളതാണ്, തീരെ ചെറുത്, തീരെ ചെറുത്, ഒരു വടയുടെ വലിപ്പമേയുള്ളൂ. അത് അങ്ങനെയല്ല. ശരിക്കുള്ള പുരൻപോളി ഇതിലും വലുതാണ്, ഇതിലും വലുതാണ്, കുറഞ്ഞത്, കുറഞ്ഞത് ഒരു പ്ലേറ്റിന്റെ നാലിൽ മൂന്നെങ്കിലും വരും അത്. പിന്നെ, അതു നിറയെ മധുരമുള്ള സാധനമായിരിക്കും. അത് നെയ്യിൽ മുങ്ങിയിരിക്കും, നെയ്യിൽ മുങ്ങിയിരിക്കും, അതുപോലെ അത് തവിട്ടുനിറത്തിൽ ഇരുണ്ടിരിക്കും. മിക്കപ്പോഴും അത് തവിട്ടുനിറത്തിലാവും; പക്ഷേ അങ്ങുമിങ്ങുമായി കുറച്ച് കറുത്ത അടയാളങ്ങൾ നിങ്ങൾക്ക് കാണാം. നിറയെ നെയ്യുണ്ടാവും, ഇനി ഈ ബൊബ്ബട്ടു അഥവാ പുരൻപോളി അഥവാ സ്വീറ്റ് പൂരി, പ്ലേറ്റിനു മുകളിലായി വാഴയില വച്ചിട്ട് അതിലാവണം

വിളമ്പേണ്ടത്. ഒരിക്കൽ അത് കഴിക്കാൻ തുടങ്ങിയാൽ, അത് നെയ്യിൽ മുങ്ങിയിരിക്കുന്നതിനാൽ, അകം നിറയെ മധുരവുമായതിനാൽ, നാം കഴിക്കുന്തോറും മധുരം അവശേഷിക്കും, പൊക്കിൾ വരെയെത്തും, കുറഞ്ഞത് ഒരാഴ്ചത്തേക്ക് അത് നിൽക്കും."



സ്വാമി ചിരിയോട് ചിരി, "ഏ? അരേ, എന്തൊരു വിവരണം! ഏ? ഓ, അത് ബൊബ്ബട്ടു ആണോ?" അവിടുന്ന് ഇങ്ങനെ പറഞ്ഞു. എന്നിട്ട് അവിടുന്ന് ഇപ്രകാരം പരാമർശിക്കുകയുണ്ടായി, "നീയിത് ഇവിടെവച്ച് പറഞ്ഞത് നന്നായി. നീ അവിടെവച്ച് പറയാഞ്ഞത് വളരെ നന്നായി, എന്തുകൊണ്ടെന്നാൽ നിന്റെ തെലുങ്കുഭാഷയും അറിയാവുന്നവർ ഉണ്ടാവും, അവർ തയ്യാറാക്കിയത് ശരിയായില്ല എന്നറിയുമ്പോൾ അവർക്ക് കുറ്റബോധമുണ്ടാവും. ഇപ്പോൾ നീയിത് നമ്മുടെ മുറിയിലിരുന്ന് പറഞ്ഞത് തികച്ചും നന്നായി." ബാബ ഇതാണ് അഭിപ്രായപ്പെട്ടത്. എന്തായാലും ചെറുപയർ ദോശ, പെശരട്ടു, പിന്നെ ഇപ്പോൾ ബൊബ്ബട്ടു ഇവയുടെ വിവരണം  അവിടുന്ന് ആസ്വദിച്ചു. ഈ രണ്ട് വേളകൾ ഞാൻ ഒരിക്കലും മറക്കില്ല, കാരണം ഇത് സ്വാമിയെ ശരിക്കും ചിരിപ്പിച്ചതാണ്.

ഇനി ഞാൻ മൂന്നാമത്തെ സംഭവം പറയാം. മോഹൻദാസ് എന്നു പേരുള്ള ഒരു മാന്യൻ എല്ലായ്പോഴും എന്റെയൊപ്പം ഇരിക്കുമായിരുന്നു. അദ്ദേഹം ഡൈനിംഗ് ടേബിളിൽ പ്രാതൽ സമയത്ത്, ഉച്ചയൂണിന്, കാപ്പിക്ക്, അത്താഴത്തിന് ഒക്കെ എനിക്കൊപ്പമാണ് ഇരിക്കുക. ഞങ്ങൾ അടുത്തടുത്താണിരിക്കുക, കാരണം ഞങ്ങളിരുവരും സമപ്രായക്കാരാണ്, ബാക്കി മിക്കവരും കുട്ടികളാണ്. ഈ മോഹൻദാസ് കോയമ്പത്തൂരിൽനിന്നുള്ള ഒരു വ്യവസായിയാണ്. അദ്ദേഹത്തിന് കൊടൈക്കനാലിൽ 13 മുറികളുള്ള, എല്ലാ അറ്റാച്ച്ഡ് സൗകര്യങ്ങളുമുള്ള 13 മുറികളുള്ള ഒരു വലിയ കെട്ടിടം സ്വന്തമായുണ്ട്. എന്നാൽ, മോഹൻദാസ് ഫലിതപ്രിയനും നർമ്മബോധവുമുള്ള മനുഷ്യനാണ്, അദ്ദേഹം ഞാനുമായി സംസാരിക്കാറുണ്ട്, എന്റെ ഫലിതം ആസ്വദിക്കാറുണ്ട്.
ഒരു ദിവസം, ഞങ്ങൾക്ക് പൂരിയാണ് വിളമ്പിയത്. സ്വാമി ഞങ്ങൾക്കിടയിലൂടെ, ഓരോരുത്തരുടെയും പ്ലേറ്റ് ശ്രദ്ധിച്ചുകൊണ്ട് നടക്കാൻ തുടങ്ങി, എന്റെയും മോഹൻദാസിന്റെയും അരികത്തെത്തി. അവിടുന്ന് രണ്ടു വിരലുകൾകൊണ്ട് ഒരു പൂരിയെടുത്ത് ഉയർത്തി, എന്നിട്ട് പറഞ്ഞു, "ഇത് ശരിക്ക് വറുത്തിട്ടില്ല." അവിടുന്ന് കുട്ടികളെ വിളിച്ചിട്ട് പറഞ്ഞു,

“അരേ, പാചകക്കാരോട് ശ്രദ്ധിക്കാൻ പറയണം. ഈ പൂരിയൊക്കെ നന്നായി വറുക്കാൻ അവരോട് പറയുക. ഉം? അവരോട് പറയ്,” അവിടുന്ന് പറഞ്ഞു.

എന്നിട്ട് അവിടുന്ന് രണ്ടു വിരലുകൾകൊണ്ട് ആ പൂരിയെടുത്ത് ഉയർത്തി, മറ്റേ കൈ കൊണ്ട് അവിടുന്ന് അത് രണ്ടു കഷണങ്ങളായി നടുവേ കീറി, നിങ്ങൾക്കറിയാവുന്ന പോലെ, പൂരി സാമാന്യേന കനം കുറഞ്ഞതാണ്, കീറാൻ എളുപ്പമാണ്. അപ്പോൾ, അവിടുന്ന് അത് രണ്ടായി കീറി. എന്നെ വിശ്വസിക്കുക, ഒരു വജ്രമോതിരം പ്രത്യക്ഷപ്പെട്ടു. അവിടുന്ന് ആ മോതിരം എടുത്ത് മോഹൻദാസിന് സമ്മാനിച്ചു.



അവിടുന്നത് വെറുതെ എടുത്തിട്ട്, അനായാസം അദ്ദേഹത്തിന്റെ മോതിരവിരലിൽ ഇട്ടു കൊടുത്തു, അതെ. അവിടുന്ന് അത് അദ്ദേഹത്തിന്റെ, മോഹൻദാസിന്റെ, മോതിരവിരലിൽ ഇട്ടു. “ആഹ്, നല്ല ഭംഗിയുണ്ട്, വജ്രമോതിരം.”

സ്വാമി ഒരു പുഞ്ചിരി സമ്മാനിച്ചു, ഇത് കണ്ടുകൊണ്ടിരിക്കുമ്പോൾ ഞാൻ ചിന്തിച്ചു, “സ്വാമീ, അവിടുന്ന് ഒരെണ്ണം എനിക്ക് തരാത്തതെന്ത്? ഞാനും മോഹൻദാസും ഈ ദിവസങ്ങളിലെല്ലാം ഒരുമിച്ചാണിരുന്നത്, ഒരു ദിവസം നാലു തവണ വീതം. അവിടുന്ന് അത് അവന് കൊടുത്തു, എന്നാൽ എന്റെ കാര്യമോ?” പക്ഷേ എനിക്കങ്ങനെ പ്രഭുവിനോട് ചോദിക്കാനാവില്ലല്ലോ. അതുകൊണ്ട് ഞാൻ ചെയ്തത് എന്താണെന്നു വച്ചാൽ, ഞാൻ പൂരി വളരെ സാവധാനം കഴിക്കാൻ തുടങ്ങി, വളരെ സാവധാനം, തീരെ ചെറിയ കഷണങ്ങളായി, ചെറിയ കഷണങ്ങളെടുത്ത് കഴിക്കാനാരംഭിച്ചു. സ്വാമി ഇത് ശ്രദ്ധിച്ചു, “ഹേ! നീ എന്താണ് ഇങ്ങനെ കഴിക്കുന്നത്? നീ എന്തിനാണ് ചെറിയ കഷണങ്ങൾ കഴിക്കുന്നത്? എന്തുകൊണ്ട്?”



“എന്തുകൊണ്ട് എന്നോ? സ്വാമീ, ആർക്കറിയാം, എന്റെ പൂരിയിലും വജ്രമോതിരം കണ്ടേക്കാം, ഞാനിത് കഴിക്കാൻ തുടങ്ങുമ്പോൾ ആ മോതിരം എന്റെ തൊണ്ടയിൽ കുടുങ്ങിയേക്കാം. അതവിടെ കുടുങ്ങാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഞാൻ സാവധാനമാണ് കഴിക്കുന്നത്, എന്റെ പൂരിയിലും വജ്രമോതിരം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനാണ്.”

സ്വാമിക്ക് മനസ്സിലായി, അവിടുന്ന് ഉറക്കെ ചിരിച്ചു. “ഹേ! നിനക്ക് ഞാൻ തരില്ല. നിനക്ക് ഞാൻ വജ്രമോതിരം തരില്ല, ഇല്ല. നീയത് അമ്മയുടെ കൈയിൽനിന്ന്, നിന്റെ അമ്മായിഅമ്മയുടെ കൈയിൽനിന്ന് വാങ്ങിക്കോ.” അമ്മായിഅമ്മയുടെ കൈയിൽനിന്ന് എന്നാണവിടുന്ന് പറഞ്ഞത്. അങ്ങനെ, ഈ വജ്രമോതിരസംഭവവും ഞാൻ മറക്കില്ല. ഞാൻ മറന്നിട്ടില്ല. സ്വാമി വലിയ ഫലിതപ്രിയനാണ്. അവിടുന്ന് ഇപ്രകാരം വളരെ സ്വതന്ത്രമായി സംസാരിക്കും.

ഒരു ദിവസം അവിടുന്ന് പറഞ്ഞു, “ഇവിടെയുള്ള ഏറെ ആളുകളും വടക്കേ ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും ഉള്ളവരാണ്. അവർ എരിവുള്ള ആഹാരം കഴിക്കുന്നവരല്ല. അവർക്ക് അച്ചാറോ അത്തരം സാധനങ്ങളോ ഇഷ്ടമുള്ളവരല്ല. പക്ഷേ അനിൽകുമാർ, ഞാൻ നിനക്കായി അച്ചാറ് കൊണ്ടുവന്നിട്ടുണ്ട്, കാരണം നിനക്കത് ഇഷ്ടമാണെന്ന് എനിക്കറിയാം. നീ അതു മാത്രമേ, എരിവുള്ളത്, കഴിക്കൂ എന്ന് എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ നിനക്കായി അത് കൊണ്ടുവന്നത്.”

അവിടുത്തെ കാരുണ്യം നോക്കൂ! എന്നിട്ട്, എനിക്ക് ഉച്ചയൂണിനും അത്താഴത്തിനും അച്ചാറ് വിളമ്പുന്നുണ്ടെന്ന് അവിടുന്ന് പതിവായി ഉറപ്പു വരുത്തി. ഹോ സ്വാമീ! അവിടുന്നെത്ര കാരുണ്യമയൻ, എത്ര വലിയവൻ! തീർച്ചയായും, വല്ലപ്പോഴുമൊക്കെ ഇത്തി അച്ചാറ് രുചിച്ചുനോക്കിയിട്ട് അവിടുന്ന് എനിക്ക് കമ്പനിയും തരുമായിരുന്നു.

ഇത്തരം സംഭവങ്ങൾ ഡൽഹിയിലും സംഭവിച്ചു. അവിടെ ഞങ്ങൾ പത്തിലേറെ ദിവസങ്ങൾ ഉണ്ടായിരുന്നു. മൂന്നോ നാലോ ദിവസങ്ങൾക്കു ശേഷം സ്വാമി എന്നോട് തിരക്കി, “അനിൽകുമാർ, ആഹാരം എങ്ങനെയുണ്ട്?”

“സ്വാമീ, ഞാനെന്തു പറയാനാണ്? ഒരേ വിഭവങ്ങൾ, സ്വാമീ, ഒരേ വിഭവങ്ങൾ, ഒരേ വിഭവങ്ങൾ. രുചി ഒന്നുതന്നെ. ഒത്തിരി വിഭവങ്ങളുണ്ടാവാം ഇവിടെ; എല്ലാ ദിവസവും ഒരേപോലെ അവരുണ്ടാക്കുന്നു, ഒരേ കാബേജ്, ഒരേ കാരറ്റ്, ഒരേ സാധനങ്ങൾ. എന്നാൽ, രുചിയും ഒരേപോലെ, സ്വാമീ. വിഭവങ്ങൾ ഒത്തിരിയുണ്ടാവാം, പക്ഷേ രുചി ഒന്നുതന്നെ.”

സ്വാമിക്ക് മനസ്സിലായി, അവിടുന്ന് സ്റ്റേറ്റ് പ്രസിഡണ്ടിനെ വിളിച്ചിട്ട് പറഞ്ഞു, "അവൻ ആന്ധ്രയിൽനിന്നാണ്. അവന് കുറച്ചുകൂടി മുളക് ഇടണം, കുറച്ചുകൂടി ഉപ്പ് ഇടണം, അപ്പോൾ അവന് രുചികരമാവും."

രണ്ടു ദിവസം കഴിഞ്ഞിട്ട്, അതിശയകരമായി സ്വാമി എന്നെ വിളിച്ചിട്ട് പറഞ്ഞു, "അച്ചാറ് ബോട്ടിലുകൾ കിട്ടിയിട്ടുണ്ട്! ഹൈദ്രബാദിൽനിന്ന് ഇന്ത്യൻ എയർലൈൻസിൽ കൊടുത്തയച്ചതാണിവ. നോക്കൂ, ഇതാണാ ബോട്ടിലുകൾ. നീ ശരിക്ക് കഴിക്കുന്നില്ലെന്ന് എനിക്കറിയാം. ഇപ്പോൾ അച്ചാറുണ്ടല്ലോ, ഇനി നിനക്ക് കഴിക്കാം. അവരെപ്പോഴാണ് വിളമ്പുന്നത്," അവിടുന്ന് വിളിച്ചു, "അരേ കുട്ടീ, നീ ഇത്തിരികൂടി എനിക്ക് വിളമ്പ്," ഭഗവാൻ ആവശ്യപ്പെട്ടു.

"സ്വാമീ, ഇത് വളരെ എരിവുള്ളതാണ്." അവിടുന്ന് വളരെ കുറച്ച് അച്ചാറ് കഴിച്ചു, എനിക്ക് കമ്പനി തരാനായിക്കൊണ്ട്.

ആ അമൂല്യനിമിഷങ്ങൾ ഞാനെങ്ങനെ മറക്കാനാണ്? ഇന്ന് ഞാൻ എന്നോടുതന്നെ ചോദിക്കുകയാണ്, "അവ ശരിക്കും നടന്നതാണോ?" പക്ഷേ ഉവ്വ്, അതൊക്കെ ശരിക്കും സംഭവിച്ചവ തന്നെ. അവയൊക്കെ രേഖപ്പെടുത്തപ്പെട്ടവയാണ്, ഞാൻ ഭഗവാനു മുമ്പാകെ വർണ്ണിച്ചിട്ടുള്ളവയാണ്.

(തുടരും)



പ്രഫ. അനിൽകുമാർ കാമരാജു
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)